(എഫ്) പി.എഫ്., ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ. എന്നിവയിൽ വീഴ്ച വരുത്തിയിട്ടുള്ള ഏതെങ്കിലും ഉടമകളെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഗ്രാറ്റുവിറ്റി ലഭിക്കാത്തതിന്റെ പേരിൽ പീരുമേട് മേഖലയിൽ തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2798.

(ബി) ഗ്രാറ്റുവിറ്റി നൽകിയില്ല എന്ന കുറ്റത്തിന് തൊഴിൽ ഉടമകളുടെ പേരിൽ കേസ് എടുത്തിട്ടില്ല. പ്രോവിഡന്റ് ഫണ്ടിൽ വീഴ്ച വരുത്തിയതിന് 1404 തൊഴിലുടമകളുടെ പേരിൽ പ്രോസിക്യൂഷൻ കേസുകൾ എടുത്തിട്ടുണ്ട്. ഇ.എസ്.ഐ. ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിന് 2002-ൽ 210 പേരെയും 2003 ജൂലായ് വരെ 111 പേരെയും പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ട്.

(സി, ഡി) ഇതിന്റെ പേരിൽ മാത്രമായി തൊഴിൽ സമരങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പി. എഫ്. കമ്മീഷണറിൽ നിന്ന് കിട്ടിയ കണക്കനുസരിച്ച് 1519.34 ലക്ഷം രൂപയാണ്.

(എഫ്) (ബി) യുടെ ഉത്തരം കണ്ടാലും.

(ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഹകരണ ക്രെഡിറ്റ് മേഖലയിൽ പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ

129 [4961] ശ്രീ. പി. ജയരാജൻ :
,, എം. വി. ജയരാജൻ :
,, മത്തായി ചാക്കോ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ക്രെഡിറ്റ് മേഖലയിൽ നിലവിലുള്ള സംഘത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന നിലയിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റേതെങ്കിലും സംഘത്തിന്റെ പ്രവർത്തന പരിധി ലംഘിക്കുന്നുണ്ടെങ്കിൽ പുതിയ സംഘം രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് നിയമവ്യവസ്ഥയുണ്ടോ; വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എത്ര സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയുണ്ടായി; നിയമ വ്യവസ്ഥ ലംഘിച്ചുകൊണ്ട് രജിസ്ട്രേഷൻ നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ നിയമങ്ങൾക്ക് വിരുദ്ധമായി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെതിരെ ഹൈക്കോടതിയിൽ എത്ര കേസുകൾ ഉണ്ടായി; രജിസ്ട്രാർക്ക് എത്ര പരാതികൾ ലഭിക്കുകയുണ്ടായി;

(ഡി) ബാങ്കിംഗ് റഗുലേഷൻസ് ആക്ട് ലംഘിച്ച് പുതിയ അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിനെതിരെ ഹൈക്കോടതി പ്രസ്താവിച്ച വിധി എന്തായിരുന്നു; വിധിയുടെ പകർപ്പ് നൽകാമോ?

ഉത്തരം

(എ) ഇല്ല

(ബി) നിയമ വ്യവസ്ഥയുണ്ട്. വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സംഘങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല.

(സി) കേസുകളോ പരാതികളോ ഇല്ല.

(ഡി) പുതുതായി രജിസ്റ്റർ ചെയ്ത അർബൻ സഹകരണ ബാങ്കുകൾ കേരള സഹകരണ നിയമം വകുപ്പ് 2(ടി.എ) പ്രകാരം നിർവചിച്ച അർബൻ സഹകരണ ബാങ്കുകൾ അല്ലെന്നും അവ പ്രാഥമിക സഹകരണ സംഘങ്ങൾ മാത്രമാണെന്നും വിധിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ സർക്കാരും സഹകരണ സംഘം രജിസ്ട്രാറും സഹകരണ നിയമപ്രകാരവും ഭാരതീയ റിസർവ് ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരവും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ശ്രദ്ധക്ഷണിക്കൽ

(1) കലാസാംസ്ക്കാരിക സംഘടനകളുടേയും ആർട്ട്സ്-സ്പോർട്സ് ക്ലബ്ബുകളുടെയും രജിസ്ട്രേഷൻ നിബന്ധനകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളേയും നഗരപ്രാന്തങ്ങളേയും സജീവമാക്കുന്ന, സന്നദ്ധ പ്രവർത്തനങ്ങളും ജീവകാരുണ്യ സംരംഭങ്ങളും ഏറ്റെടുക്കുന്ന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകൾ, മൈമൻ ആർട്ട്സ് സൊസൈറ്റികൾ, പൗരസമിതികൾ മുതലായവ രജിസ്റ്റർ ചെയ്യുന്നതിന് 1955-ലെ Travancore Cochin Literary and Scientific Charitable Societies Act ആണ് നിലവിലുള്ളത്. മലബാറിൽ ഇതു സംബന്ധിച്ച് മറ്റൊരു നിയമമാണ് നിലനിൽക്കുന്നത്. ഈ നിയമങ്ങൾ ഏകീകരിക്കേണ്ടതാണ്. കോടികൾ വിദേശ ധനസഹായം ലഭിക്കുന്ന സംഘടനകൾ ഉൾപ്പെടെ ഈ നിയമത്തിന്റെ കീഴിലാണ് ഇന്ന് രജിസ്റ്റർ ചെയ്യപ്പെടുന്നത്. മാത്രവുമല്ല പരഹൃദയജ്ഞാനിയും പ്രജാക്ഷേമതൽപരനുമായ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബാർ അനുവദിക്കുവാൻ ആലോചിച്ചിട്ടുള്ള ക്ലബ്ബുകൾ ഈ നിയമത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണ്. ഈ നിയമങ്ങളിലെ നിബന്ധനകൾ പലതും കാലഹരണപ്പെട്ടതാണ്. നൂറു രൂപയും ഒരു ഫയലും Memorandum of Association ഉം

9.30 A.M.]

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly